ഭരണഭാഷ-മാതൃഭാഷ

**അലനല്ലൂർ ഗ്രാമ പഞ്ചായത്ത്**
**പിൻ കോഡ്- 678601 ഫോൺ നമ്പർ : 0492-4262235**
**ഇമെയിൽ : ddpalanallurpkd@gmail.com**

**നമ്പർ: 4016691-2025** **തീയതി : 09-09-2025**

പ്രേഷകൻ

സെക്രട്ടറി
അലനല്ലൂർ ഗ്രാമ പഞ്ചായത്ത്

സ്വീകർത്താവ്

ബഹു. ജോയിന്റ് ഡയറക്ടർ
തദ്ദേശ സ്വയംഭരണ വകുപ്പ് പാലക്കാട്

സർ,

വിഷയം: അലനല്ലൂർ ഗ്രാമപഞ്ചായത്ത് വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടത്തിന് പെർമിറ്റ് അനുവദിക്കുന്നില്ല എന്ന പരാതി- മറുപടി സമർപ്പിക്കുന്നത് സംബന്ധിച്ച്

സൂചന: 1. ശ്രീ പി സുഗതൻ പാലക്കാഴി വീട് എന്നവർ ബഹു വിജിലൻസ് ഓഫീസർ മുമ്പാകെ സമർപ്പിച്ച പരാതി

മേൽ സൂചന പ്രകാരം ശ്രീ പി സുഗതൻ പാലക്കാഴി വീട് എന്നവർ The vigilance and anti curruption bureau,palakkad മുമ്പാകെ സമർപ്പിച്ച പരാതിക്ക് താഴെ ചേർക്കുന്ന പ്രകാരം മറുപടി സമർപ്പിക്കുന്നു.

ശ്രീ പി സുഗതൻ പാലക്കാഴി വീട് എന്നയാൾ 06-.3-2024 നാണ് അലനല്ലൂർ ഗ്രാമപഞ്ചായത്തിൽ കെട്ടിടനിർമ്മാണ പെർമിറ്റിനായി അപേക്ഷ സമർപ്പിച്ചത്. 12/03/2024-ന് അന്വേഷണ ഉദ്യോഗസ്ഥനായ ഓവർസിയർക്ക് കൈമാറുകയുണ്ടായി.08/04/2024 ന് ലഭിച്ച ഓവർസിയറിയുടെ റിപ്പോർട്ട് പ്രകാരം അപേക്ഷകന്റെ സ്ഥലത്തിന് മുൻവശം പിഡബ്ല്യുഡി റോഡ് എന്ന് സൈറ്റിലും ആധാരത്തിലും കാണുന്നുവെന്നും സ്ഥലത്തിൻറെ കിഴക്ക് വടക്ക് ഭാഗങ്ങൾ ആധാരത്തിൽ പഴയ നിരത്തുകൾ എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ റവന്യൂ രേഖകൾ പരിശോധിച്ചു വ്യക്തത വരുത്തേണ്ടതാണെന്നും പൊതുമരാമത്ത് കുമരംപുത്തൂർ സെക്ഷനിൽ നിന്നും ഈ റോഡിൻറെ വിവരങ്ങൾ തേടാവുന്നതാണെന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.ആയതിന്റെ അടിസ്ഥാനത്തിൽ പഴയനിരത്തിൽ നിന്നും മൂന്നു മീറ്റർ അകലം പാലിക്കേണ്ടതുണ്ടോ എന്നതു സംബന്ധിച്ച് അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ കുമരംപുത്തൂർ സെക്ഷനിലേക്ക് കത്ത് നൽകുകയും അപാകത പരിഹരിക്കുന്നത് സംബന്ധിച്ച് വിവരങ്ങൾ അപേക്ഷകനെ അറിയിക്കുകയും ചെയ്തിട്ടുള്ളതാണ്.തുടർന്ന് അപേക്ഷകൻ അപാകത പരിഹരിച്ചത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയത് പ്രകാരം 25/04/2025 തീയതിയിൽ പെർമിറ്റ് അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്.ജില്ലയിലെ വലിയ ഗ്രാമപഞ്ചായത്തുകളിൽ ഒന്നായ അലനല്ലൂർ ഗ്രാമപഞ്ചായത്തിൽ 23 വാർഡുകളാണ് നിലവിലുള്ളത്. കെട്ടിട നിർമ്മാണ പെർമിറ്റ്, നമ്പറിങ്ങ്, പദ്ധതി നിർവഹണം എന്നിവയുടെ തിരക്ക്, ജീവനക്കാരുടെ സ്ഥലംമാറ്റം, കെ

സ്മാർട്ട് സോഫ്റ്റ്‌വെയർ വ്യന്യാസം എന്നീ കാരണങ്ങളാലാണ് ഫയൽ നടപടികൾ പൂർത്തീകരിക്കാൻ താമസിച്ചത് എന്നും മനപ്പൂർവം ഫയൽ നടപടികൾ വൈകിപ്പിച്ചിട്ടില്ല എന്ന വിവരവും അങ്ങയുടെ അറിവിലേക്കായി സമർപ്പിക്കുന്നു

വിശ്വസ്തതയോടെ

Signature Not Verified
Digitally signed by Sini T S
Date: 2025.09.09 21:59:25 IST
Reason: KSMART

സെക്രട്ടറി